

# എഴുത്ത്

ലിറ്റിൽ കൈറ്റ്സ്

ജി.എച്ച്.എസ്.എസ് വാളാട്

2020

## ഉള്ളടക്കം

വിചാരണ....4
ഭ്രമർ....5
അല്ല....ഒറ്റയല്ല...പക്ഷെ....6
FREEDOM....7
വായന നൽകുന്ന ആനന്ദം....8
കുത്തൊഴുക്ക്....9
വൃദ്ധസദനം....10
പ്രളയമെന്നൊരു മഹാമാരി....12
പ്രകൃതിയിലെ ഗീതം....14
ക്രിസ്മസ് സമ്മാനം....15
സഖാവിന്റെ കേരളം....16
കേരളം....17

## ആശംസ

ഹരിതനിയമാവലി പാലിക്കപ്പെടുന്നവയാണ് ഡിജിറ്റൽ സൃഷ്ടികൾ .നമ്മുടെ ധാരാളം കുട്ടി എഴുത്തുകാർക്ക് അവരുടെ സൃഷ്ടികൾ പ്രസിദ്ധീകരിക്കപ്പെടാൻ കൂടുതൽ ഇടവും ഇതിൽ കിട്ടുന്നു. ‘എഴുത്ത് ' എന്ന ഈ ഡിജിറ്റൽ മാഗസിന്റെ നിർമാണത്തിന് പരിശ്രമിച്ച ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് സംഘത്തിന് അഭിനന്ദനങ്ങൾ. ഈ ഉദ്യമത്തിന് ഊഷ്മളമായ ആശംസകളും നേരുന്നു.

രഞ്ജിത്ത് കുമാർ എ.വി

പ്രധാനധ്യാപകൻ.

## ആശംസ

വാളാട് ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു .'എഴുത്ത് 'എന്ന ഈ ഡിജിറ്റൽ മാഗസിൻ വാളാടിന്റെ സ്പന്ദനങ്ങൾ ഉൾക്കൊള്ളുന്നതാകട്ടെ എന്നാശംസിക്കന്നതോടൊപ്പം ഇതിന് പിന്നിൽ പ്രവർത്തിച്ച മുഴുവൻ പേരെയും അഭിനന്ദിക്കുന്നു.

എം.ജി ബാബു

പി.ടി.എ.പ്രസിഡണ്ട്.

# വിചാരണ

തടവറ തൻ അഴികളിൽ
കരങ്ങൾ ചേർത്തു പിടിക്കവേ
കേഴികയായ് ജീവനായ്
ഒരിക്കലീ വഴിയിൽ തനിയേ
നടക്കവേ ഹൃത്തിൽ മന്ദഹാസപ്പൂ
വിടർന്നു അക്കാലത്ത്....
എങ്കിലിന്നക്കാലത്തിനായ് ഓർമ്മകൾ
ചികഞ്ഞു തുടങ്ങവേ അകലയാണൊ
രുപാടകലയായ് മാറി ഞാൻ
നാളെയീ ജീവൻ ഇല്ലെന്ന തോന്ന
ലിൽ മനതാരിൽ ദുഃഖം വിടരവേ
എൻ ഭൂതകാലത്തിനായ്
അകാലത്തിൽ പൊലിഞ്ഞ് മുന്നിലെ
ത്തിയ മൃതൃദേഹത്തിൻ മുന്നിലി
രുന്നു കേഴുന്ന സ്വന്തക്കാർ........
ഇന്നെങ്കിൽ സ്വത്തിനായി അലയുന്ന
ജീവിതം ഇനിയില്ലൊരിക്കലുമില്ല തിന്മ
ചെയ്തിടാൻ മൃതൃവിന്നു മുമ്പെരിച്ച
ജീവിതം.................................
മരണത്തിൻ പുസ്തകത്തിലെ അവസ്ഥ
അദ്ധ്യായമായി മാറവേ നൽകൂ ഒര
ദ്ധ്യായം കൂടി ഈശ്വരാ.............

ചിന്മയി എസ്
9 സി.

# ഭ്രമർ

പീടികത്തിണ്ണയിലെ ഭരണി കുപ്പികളിൽ എന്നെ നോക്കി ചിരിക്കുന്ന എത്രയോ കുട്ടികൾ.അവരുടെ അടുക്കൽ
എത്താനുള്ള എന്റെ കൊതി കൂട്ടുകാർ പറഞ്ഞത് ഞാൻ ചെവി കൊണ്ടില്ല.ഒരുകുട്ടി വന്ന് ഭ്രമർ എന്ന് പറഞ്ഞ
പ്പോൾ എല്ലാവരും മാറി നിന്നു.പക്ഷെ ഞാൻമുമ്പിൽ നിന്നു.അങ്ങനെ ഞാൻ പുറം ലോകം കണ്ടു.പിന്നെ ആ കുട്ടിഎന്നെ അവളുടെ കീശയായ ഇരുട്ടിലേക്ക് തള്ളിവിട്ടു. പിന്നെ അല്പനേരത്തിനു ശേഷം അവളെന്നെ പുറത്തെടുത്ത് എന്റെ വസ്ത്രം ഊരി.എന്നിട്ടെന്നെ അവളുടെ വായിൽ ഇട്ടു. അവിടെ നിന്ന് എന്നെ കുറേ ചവച്ചരച്ചു.പിന്നെ കുറേ വേദനകൾ സഹിച്ച എന്നെ ഏതോ ഒരു സ്ഥലത്ത് ഒട്ടിച്ചു വച്ചു.

അവിടെ നിന്ന് രക്ഷപ്പെടാൻ കുറേ ശ്രമിച്ചു. പക്ഷ ഫലം ഉണ്ടായില്ല.അപ്പോഴാണ് എന്റെ കൂട്ടുകാർ പറഞ്ഞതിന്റെ വില എനിക്ക് മനസ്സിലായത്.

ഫജ്ന ഫർവിൻ റ്റി.ആർ
10 എ

# അല്ല....ഒറ്റയല്ല...പക്ഷെ.....

മനുഷ്യ........നീയെങ്ങോട്ട്
കാലാന്ധകാരത്തിൽ എവിടേക്കു നീയലയുന്നു
കണ്ടിട്ടും കാണാതെ പോകുന്ന കാഴ്ചയും
കേട്ടിട്ടും കേൾക്കാതെ പോകുന്ന തേങ്ങലും
അറിഞ്ഞിട്ടുമറിയാതെ പോകുന്ന ഹൃദയവും
എന്തേ...നീയെങ്ങോട്ട്
നേടിയതൊക്കെയും വ്യർത്ഥം
സോദരാ നിൻ വേദനയറിയാതെ
ഞാനിന്നു നേടിയതൊക്കെയും വ്യർത്ഥം
സ്നേഹത്തിൻ സത്യത്തിൻ
വിലയെന്തെന്നറിയാതെ....
നേടിയതൊക്കെയുമധർമ്മം
ലോകമേ നീയെന്നെ തിരുത്തുമോ
എന്റെയീ യാത്രയിൽ ഇനിയെത്രനേരം
വൈകിയീ യാത്രയിൽ ഞാനും
എൻ നേർക്കു വരും നേർത്ത പകലിൻ
പ്രകാശം പോലും അന്ധകാരമെന്നു നിനച്ചു ഞാൻ
എന്റെയീ യാത്രയിൽ ഇനിയെത്ര നാൾ....

സ്നേഹ സാബു
10 എ

# FREEDOM

When there is no freedom
We cannot even speak
When there is no freedom
Today we cannot even write
When there is no freedom
We cannot even live here.

**RASHEEDA K.A**
**10 A.**

എഴുത്ത്

# വായന നൽകുന്ന ആനന്ദം

വായന ഒരു മനുഷ്യനെ രൂപപ്പെടുത്തുന്നു എന്ന ഇംഗ്ലീഷ് ലേഖനങ്ങളുടെ പിതാവായ ഫ്രാൻസിസ് ബേക്കൺ പറഞ്ഞിട്ടുണ്ട്. ഒരു സംസ്കാര സമ്പന്നനായ മനുഷ്യന് വായന ഏറ്റവും വലിയ ആനന്ദം നൽകുന്നു. പുസ്തകങ്ങൾ മനുഷ്യന്റെ ഏറ്റവും നല്ല സുഹൃത്തുക്കളാണ്. നമുക്ക് ആവശ്യം വരുന്ന സന്ദർഭങ്ങളിൽ അവ ഒരിക്കലും നമ്മെ വഞ്ചിക്കുകയോ കൈവിടുകയോ ഇല്ല. അവ നമ്മളെ ശരിയായ പാതയിലൂടെ നയിക്കുന്നു.

മഹത്തായ പുസ്തകങ്ങൾ മഹത്തുക്കളുടെ മനസ്സിന്റെ പ്രതിഫലനമാണ്. മഹാന്മാരായ സാഹിത്യകാരന്മാരുടെ സൃഷ്ടികളിൽ അവരുടെ ദർശനങ്ങളും ശക്തിയും ദർശിക്കാം. പുസ്തകങ്ങൾ നമ്മളെ വിജ്ഞാനത്തിന്റെയും സന്തോഷത്തിന്റെയും ലോകത്തെത്തിക്കുകയും ദൈനംദിന ജീവിതത്തിന്റെ ഉത്കണ്ഠകളിൽ നിന്ന് നമ്മെ മോചിപ്പിക്കുകയും ചെയ്യുന്നു.

ഒരു മനുഷ്യന് തിരഞ്ഞെടുക്കാവുന്ന ഏറ്റവും മികച്ച ആഹ്ലാദമാണ് പുസ്തകങ്ങൾ നൽകുന്നത്. നമുക്ക് ഒഴിവു സമയമുള്ളപ്പോൾ അത് ഗുണകരമായി ഉപയോഗിക്കാൻ ഏറ്റവും നല്ല വഴി പുസ്തകം വായിക്കുക എന്നതാണ്. പക്ഷെ വായിക്കാൻ പുസ്തകം തിരഞ്ഞെടുക്കുമ്പോൾ നാം ശ്രദ്ധിക്കണം. കാരണം പുസ്തകങ്ങളിൽ നല്ലതും ചീത്തയും ഉണ്ട്.പുസ്തകങ്ങൾ കൊണ്ട് നിറഞ്ഞ ഒരു ലോകത്തിൽ നല്ല പുസ്തകങ്ങൾ തിരഞ്ഞെടുത്തു വായിച്ചാൽ മാത്രമേ വായനയിൽ നിന്നും ലഭിക്കേണ്ട ആനന്ദം ലഭിക്കുകയുള്ളൂ.

അനൂജ സി .എസ്

9 സി.

# കുത്തൊഴുക്ക്

ഒഴുകി നടന്ന ചക്കക്കുരുവിനെ നോക്കി
ഞാൻ ചിരിച്ചു
വെയിൽ കൊള്ളും പ്ലാവിനെ നോക്കി
ഞാൻ ചിരിച്ചു
താഴെ വീഴും ചക്കയെ നോക്കി
ഞാൻ ചിരിച്ചു
ഒഴുക്കിൽ പെട്ട് പ്ലാക്കൊമ്പിൽ
കുടുങ്ങിയപ്പോൾ ഞാൻ കരഞ്ഞു
അതു കണ്ട ചക്കക്കുരു എന്നെ നോക്കി
ചിരിച്ചു.

ആകാശ് പ്രകാശ്
10 സി

എഴുത്ത്

# വൃദ്ധസദനം

തന്റെ കൊച്ചു വീടിന്റെ ഉമ്മറത്ത് മഴയെ നോക്കി നിൽക്കുകയായിരുന്നു മുത്തശ്ശി.പെട്ടെന്ന് ഒരു കാറ് തന്റെ വീടിന്റെ മുറ്റത്ത് വന്ന് നിർത്തി.പ്രായാധിക്യം കാരണം കാറിൽ നിന്നും ഇറങ്ങിയ ആളെ തിരിച്ചറിയാൻ മുത്തശ്ശിക്ക് കഴിഞ്ഞില്ല.അടുത്തേക്ക് വന്നപ്പോഴാണ് മനസ്സിലായത് അത് തന്റെ ഇളയ മകൻ സേതുവാണെന്ന്.പെട്ടെന്ന് ആ വൃദ്ധയുടെ ചിന്ത അല്പകാലം പിന്നിലേക്ക് നീങ്ങി. മൂന്നു ആൺ മക്കളായിരുന്നു മുത്തശ്ശിക്ക്.മൂന്നു പേരെയും പഠിപ്പിച്ച് വലുതാക്കി. ഒടുവിൽ ഓരോരുത്തരും അവരവരുടെ ജോലി ആവശ്യങ്ങൾക്കായി വിദേശത്തേക്ക് പോയി. മകനും അമ്മയും തമ്മിലുള്ള സംഭാഷണം നീണ്ടു. ഒടുവിൽ മകൻ ചോദിച്ചു ,അമ്മക്ക് ഇവിടെ നിന്നും മാറി നിൽക്കാൻ തോന്നുന്നുണ്ടോ? ഈ വയസ്സുകാലത്ത് എങ്ങോട്ടും വരുന്നില്ലെന്നും ഇവിടെ കിടന്ന് മരിച്ചാൽ മതിയെന്നും അമ്മ മറുപടി പറഞ്ഞു. ഒടുവിൽ അവനത് പറയുക തന്നെ ചെയ്തു.അമ്മയെ കൊണ്ടുപോകാൻ വേണ്ടിയാണ് വന്നിരിക്കുന്നത്.അമ്മ വിസ്സമ്മതിച്ചു. എങ്കിലും മകന്റെ സ്നേഹത്തിനു മുന്നിൽ അമ്മക്കു വഴങ്ങേണ്ടി വന്നു. അങ്ങനെ അമ്മയുടെ തുണികളെല്ലാം പാക്ക് ചെയ്ത് അവർ കാറിൽ കയറി യാത്രയായി. പട്ടണത്തിൽ നിന്നും അൽപ്പം മാറി ഒരു വലിയ കെട്ടിടത്തിന് മുന്നിലായി കാറ് നിന്നു. മകന്റെ കൈയും പിടിച്ച് അമ്മ അകത്തേക്ക് നടന്നു. അമ്മക്ക് ഒന്നും മനസ്സിലായില്ല. തന്റെ പ്രായക്കാരായ ഒരുപാട് പേരെ അവിടെ കണ്ടു. മകൻ അകത്ത് ചെന്ന് ഒരു ഓഫിസറുമായി സംസാരിച്ച് പുറത്തിറങ്ങി. ശേഷം തന്നോട് ഒരു വാക്ക് പോലും മിണ്ടാതെ കാറിൽ കയറി പോയി. അപ്പോഴാണ് താനെത്തിപ്പെട്ടത് ഒരു വൃദ്ധസദനത്തിലാണെന്ന് മുത്തശ്ശിക്ക് മനസ്സിലായത്. മകന്റെ കാറ് ദൂരേക്ക് മറയുന്നതും നോക്കി ആ അമ്മ തൂണും ചാരി നിന്നു.

റാഷിദ വി, പത്ത് എ

# പ്രളയമെന്നൊരു മഹാമാരി

മല ചുരത്തിയ നീരുറവകൾ അണകൾ കെട്ടി അടച്ചു നാം
പുഴയൊഴുകിയ വഴികളൊക്കെയും അതിരു കല്ലുകൾ പാകി നാം
കുന്നിടിച്ചു നിരത്തി നാം
പുഴകളൊക്കെ നികത്തി നാം
പണിതു കൂട്ടി രമ്യഹർമ്മ്യം കൃഷിനിലങ്ങൾ നികത്തി നാം
ദാഹനീരതുമൂറ്റി വിറ്റു
നേടി കോടികളിന്നു നാം
ഭൂമി തന്നുടെ നിലവിളി അതു
കേട്ടതില്ല അന്നു നാം
പ്രകൃതി തന്നുടെ സങ്കടം
അണ നിറഞ്ഞൊരു നാളിൽ നാം
പകച്ചു പോയി പ്രളയമെന്നൊരു മാരി
തന്നുടെ നടുനിൽ നാം
കൈപിടിച്ചു കയത്തിലായവർ
ജീവിതം തിരികെ തരാൻ
ഒത്തു ചേർന്നു നമ്മളൊന്നായ്
ഒരു മനസ്സായ് അന്നു നാം
ജാതി ചിന്തകൾ വർഗ്ഗവൈരികൾ
ഒക്കെ അന്നു മറന്നു നാം
ഇനിയൊരിക്കലൊരുത്തു ചേരലിനൊരു
ദുരന്തം കാക്കണോ?
ഒരു ദുരന്തം കാക്കണോ?

നിദ ഫർഹത്ത് 9 എ

# പ്രകൃതിയിലെ ഗീതം

ഒരിടത്തൊരാ ഒരു കുഞ്ഞുപക്ഷിതൻ
തേങ്ങലിൽ കേട്ടോരു ഗാനം
കാറ്റിലാട്ടും വൃക്ഷങ്ങളിൽ ശിഖരങ്ങളിൽ
കേട്ടോരു ഗീതം കളകള നാദം
പൂക്കൾ വിടർത്തും സുഗന്ധത്തിൻ
ഒഴുകി എത്തും ചിത്രശലഭങ്ങൾ
ഏഴുനിറങ്ങൾ വിരിഞ്ഞു നിൽക്കും
വർണ്ണശഭള നിമിഷങ്ങൾ
ഓരോ സ്വപ്നവും നിനവുകളാക്കും
സുന്ദരമോഹന നിമിഷങ്ങൾ
പുലരികളിൽ പുൽത്തുമ്പുകളിൽ
തിളങ്ങി നിൽക്കും കോടമഞ്ഞിൻ കണങ്ങൾ

കെസിയ ഇമ്മാനുവേൽ
9 ബി

# ക്രിസ്മസ് സമ്മാനം

കിട്ടനെലിയും ചുണ്ടനെലിയും കൂട്ടുകാരായിരുന്നു. ഒരു ദിവസം അവർ കേക്കുണ്ടാക്കി വിൽക്കുന്ന മല്ലൻ
കരടിയുടെ വീട്ടിലെത്തി. ക്രിസ്മസ് കാലമായതിനാൽ ധാരാളം കേക്കുകൾ ഉണ്ടാക്കുന്ന സമയമാണ്. അവരിരു രണ്ടുപേരും പമ്മിപമ്മി അടുക്കളയിൽ എത്തി. സൂത്രക്കാരനായ കിട്ടൻ ചുണ്ടനെ കേക്കു കൊണ്ടുപോകാനുള്ള പെട്ടിയെടുക്കാൻ പറഞ്ഞുവിട്ടു. എന്നിട്ട് അലമാരയിൽ കയറി കേക്ക് തീറ്റ തുടങ്ങി. കുറച്ച് കഴിഞ്ഞ് തിരിച്ചുവന്ന ചുണ്ടൻ മല്ലൻ കരടിയെ കണ്ട് പേടിച്ചു വിറച്ചു. പക്ഷെ മല്ലൻ കരടി അവനെ അടുത്തു വിളിച്ചിട്ടു പറഞ്ഞു,ഈ കേക്ക് നിനക്കാണ്.ചുണ്ടൻ ഓടിച്ചെന്ന് ആ കേക്കിന്റെ പാതി കിട്ടന് കൊടുത്തിട്ടു പറഞ്ഞു, ഇത് നിനക്കുള്ള എന്റെ ക്രിസ്മസ് സമ്മാനമാ. നാണിച്ചു പോയ കിട്ടൻ പറഞ്ഞു,നീയെന്നോട് ക്ഷമിക്കണം എന്തു നല്ല ചങ്ങാതിയാണു നീ.അതു കേട്ട് ചുണ്ടന് സന്തോഷമായി.

സഹ്‌ല പർവിൻ
9 സി.

# സഖാവിന്റെ കേരളം

പേടിയാവുന്നു സഖാവേ.......
ചൂഷണങ്ങൾക്കു നേരെ........
സ്ത്രീകളാണു സഖാവേ..........
പീഡനങ്ങൾക്കു നേരെ..........
എന്താണിങ്ങനെ നമ്മുടെ കേരളം
എരിഞ്ഞടങ്ങുന്നത്.......
ഇന്നലെ വിടർന്ന പൂവ്
ഇന്ന് വാടിയിരിക്കുന്നു
നിശാഗന്ധിയും മയങ്ങിയിരിക്കുന്നു
ഈ മഹാ പ്രളയ ഭൂമിയിൽ
ഞാനും കണ്ണീരൊഴുക്കുന്നു
എന്റെ കണ്ണീർത്തുള്ളികൾ
എന്നെ ചതിക്കില്ലായിരിക്കും
എന്റെ ...കേരളം...എന്റെ
സ്വപ്നം...എല്ലാം ഞാൻ
സഖാവെന്ന പേരിൽ വിട പറഞ്ഞിരിക്കുന്നു.....

സഫീറ എം .എസ്
9 ബി.

# കേരളം

കേരളം  കേരളം  കേരളം
കേര മരങ്ങളുള്ള കേരളം
പുൽകളും പുഴുക്കളും പുഴകളും
പൂമ്പാറ്റകളും ഒത്തൊരുമിക്കുന്ന കേരളം
കേരളം  കേരളം  കേരളം
കേര മരങ്ങളുള്ള കേരളം
അതി ചന്തമുള്ള എൻ മനം കാക്കുന്ന കേരളം
പച്ചപ്പിൽ കുളിക്കുന്ന എന്റെ കേരളം
പ്രകൃതി തന്ന പാട്ടും മറ്റു കഥയും
എന്റെ മനസ്സിൽ കുളിർമ്മ നൽകുന്ന
എന്റെ പുസ്തകം എന്റെ ഗുരുനാഥൻ
എന്റെയമ്മ എന്റെയച്ഛൻ എല്ലാം
എന്റെ കേരളം
കേരളം  കേരളം  കേരളം
കേര മരങ്ങളുള്ള കേരളം

അരുണിമ മോഹൻ
9 ബി.